**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 209** **21-01-2021 - ൽ മറുപടിയ്ക്ക്**

**കെ.റ്റി.ഡി.സി. നടപ്പിലാക്കി വരുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . വി കെ പ്രശാന്ത്,<br>ശ്രീമതി യു. പ്രതിഭ ,<br>ശ്രീ. എസ്. രാജേന്ദ്രൻ,<br>ശ്രീ എം. രാജഗോപാലൻ | | Shri. Kadakampally Surendran<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി കെ.റ്റി.ഡി.സി. മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി കെ.റ്റി.ഡി.സി. മുഖേന ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. 1. മാസ്കറ്റ് ഹോട്ടലിന്റെ 36 മുറികൾ നവീകരിക്കുകയും സ്റ്റാർ ക്ലാസിഫിക്കേഷൻ ലഭിക്കുകയും ചെയ്തു. 2. ചൈത്രം ഹോട്ടലിന്റെ മുറികൾ മൊത്തമായി നവീകരിച്ചു 3. വാട്ടർസ്കേപ്സ് കമരകത്തിന്റെ നവീകരണം 12.65 കോടി രൂപ മുടക്കി നടന്നുവരികയാണ്. 4. തേക്കടിയിൽ 120 പേരെ കയറ്റാവുന്ന രണ്ട് ബോട്ടുകൾ സർവ്വീസ് ആരംഭിച്ചു. 5. പൊന്മുടിയിൽ 320 ലക്ഷം രൂപയ്ക്ക് 15 കോട്ടേജുകൾ കമ്മിഷൻ ചെയ്തു. 6. കണ്ണൂരിലെ ടാമറിന്റ് ഈസി ഹോട്ടൽ 292 ലക്ഷം രൂപ മുടക്കി നവീകരിച്ചു 7. മാസ്കറ്റ് ഹോട്ടലിന്റെ കൺവെൻഷൻ സെന്ററിന്റെ നവീകരണത്തിന് 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും അതിന്റെ ടെന്റർ നടപടികൾ ആരംഭിക്കുകയും ചെയ്തു. 8. ആലപ്പുഴയിൽ 2 കോടി രൂപ മുതൽ മുടക്കിൽ ടാമറിന്റ് ഈസി ഹോട്ടൽ നവീകരിച്ചു. 9. വേളിയിൽ പുതിയ ബോട്ടുകൾ വാങ്ങുകയും കമ്മീഷൻ ചെയ്യുകയും ചെയ്തു. 10. വേളിയിൽ ഫ്ലോട്ടിംഗ് റസ്റ്റാറന്റ് 70 ലക്ഷം മുടക്കി നവീകരിച്ചു. 11. ബഹു. സുപ്രീം കോടതി ഉത്തരവിൻ പ്രകാരം അടച്ചുപൂട്ടിയ ബിയർ പാർലറുകൾക്ക് പകരം പുതിയ ബിയർ പാർലറുകൾ തുറന്നു. 12. കണ്ണൂരിലെ മുഴിപ്പിലങ്ങാടിലും കോഴിക്കോട് ബീച്ചിലും സ്റ്റാർ ഹോട്ടലുകൾ തുടങ്ങാൻ തടസ്സമായിരുന്ന ലാന്റ് അക്യുസിഷൻ നടപടികൾ അവസാനിച്ചു12. ഉടനെത്തന്നെ സ്റ്റാർ ഹോട്ടലുകളുടെ പണി ആരംഭിക്കുന്നതാണ്. ഇതിന് കിഫ്ബിയിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 13. കെ.ടി.ഡി.സി.യുടെ |

| | | | |
|---|---|---|---|
| | | | ചിരകാല ആവശ്യമായ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം ആരംഭിച്ചു. 14. കെ.ടി.ഡി.സി. യിലെ ഉദ്യോഗസ്ഥർക്ക് സമ്പൂർണ്ണമായ ട്രെയിനിംഗ് കൊടുക്കാനുള്ള നപടികൾ ആരംഭിച്ചു. 15. 792 ലക്ഷം രൂപ മുടക്കി മൂന്നാറിലെ ടീ കൗണ്ടി റിസോർട്ട് നവീകരണം നടന്നു വരികയാണ്. 16. കൊല്ലത്തെ ടാമറിന്റ് ഈസി ഹോട്ടൽ 2.9 കോടി രൂപയ്ക്ക് നവീകരിക്കാൻ ഭരണാനുമതി നൽകുകയും ടെന്റർ നടപടികൾ പൂർത്തിയാകുകയും ചെയ്തു. 17. പീരുമേട് ടാമറിന്റ് ഈസി ഹോട്ടൽ 1.9 കോടി രൂപയ്ക്ക് നവീകരിക്കാൻ ഭരണാനുമതി നൽകുകയും ടെന്റർ നടപടികൾ ആരംഭിക്കുകയും ചെയ്തു. 18. കെ.ടി.ഡി.സി. ഹോട്ടലുകളുടെ വിപണനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിനുമായി ചാനൽ മാനേജർ സോഫ്റ്റ്.വെയർ ഏർപ്പെടുത്തി പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഇതു മൂലം നിരവധി അന്താരാഷ്ട്ര ഓൺലൈൻ ട്രാവൽ ഏജൻസികളുമായി മികച്ച ബന്ധം സ്ഥാപിക്കുന്നതിനും വ്യാപാര സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും കഴിയുന്നു. 19. സാങ്കേതിക വിദ്യയുടെ വളർച്ചയെത്തുടർന്ന് ഹോട്ടൽ ബിസിനസ്സിൽ ഓൺലൈൻ ട്രാവൽ ഏജൻസികളുടെ പങ്ക് വളരെ വലുതാണ്. ഇത്തരം മികച്ച സാധ്യതകൾ പ്രയോജനപ്പെടുത്താനായി പുതിയ ഓൺലൈൻ ട്രാവൽ ഏജൻസികളുമായി ബിസിനസ്സ് ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. 20. ആധുനിക കാലത്ത് സോഷ്യൽ മീഡിയകളുടെ പ്രാധാന്യം വർദ്ധിച്ചു വരികയാണ്. കെ.ടി.ഡി.സി. ഹോട്ടലുകളുടെ ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിനും പ്രചരണത്തിനുമായി സോഷ്യൽ മീഡിയയെ അനുയോജ്യമായ രീതിയിൽ ഉപയോഗപ്പെടുത്താൻ നടപടി കൈക്കൊണ്ടിട്ടുണ്ട്. |
| (ബി) | ടൂറിസം വിപണനവുമായി ബന്ധപ്പെട്ട് കെ.റ്റി.ഡി.സി. എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ; | (ബി) | വിദേശ വിനോദ സഞ്ചാരികളെ നമ്മുടെ സംസ്ഥാനത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും കെ.ടി.ഡി.സി. ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദേശ ഓൺലൈൻ ട്രാവൽ ഏജൻസികളായ ബുക്കിംഗ്.കോം, അഗോഡ, എക്സ്പീഡിയ എന്നിവയിലൂടെയെല്ലാം പ്രചാരണവും, വിൽപ്പനയും നടത്തുന്നുണ്ട്. അതുമൂലം വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിന് സാധിക്കുന്നു. ഓൺലൈൻ ട്രാവൽ ഏജൻസികളുടെബുക്കിംഗ് എടുക്കുന്നതിന് ചാനൽ മാനേജർ സോഫ്റ്റ്.വെയർ സംവിധാനം ഏർപ്പെടുത്തി. നമ്മുടെ രാജ്യത്തിന് അകത്തും വിദേശത്തും നടത്തുന്ന പ്രമുഖ ടൂറിസം മേളകളിൽ കെ.ടി.ഡി.സി. പങ്കെടുക്കാറുണ്ട്. ഇതുവഴി മികച്ച ടൂർ |

| | | | |
|---|---|---|---|
| | | | ഓപ്പറേറ്റർമാർ/ട്രാവൽ ഏജൻസികൾ തുടങ്ങിയവരുമായി നേരിട്ട് പ്രചാരണം നടത്തുവാനും അത് വഴി വിദേശത്ത് കെ.ടി.ഡി.സി.യുടെ പേര് വ്യാപിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഉൽപ്പന്ന പ്രമോഷനു വേണ്ടി സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | കെ.റ്റി.ഡി.സി.യുടെ ഹോട്ടലുകൾ നവീകരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെ; ഇക്കാലയളവിൽ കെ.റ്റി.ഡി.സി.യുടെ എത്ര ഹോട്ടലുകൾക്ക് സ്റ്റാർ പദവി ലഭിച്ചിട്ടുണ്ട്; വിശദീകരിക്കുമോ; | (സി) | കോർപ്പറേഷന്റെ എല്ലാ റിസോർട്ടുകൾക്കും അനുയോജ്യമായ സ്റ്റാർ പദവി ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സ്റ്റാർ പദവി കരസ്ഥമാക്കുന്നതിനായി ഹോട്ടലുകൾക്ക് നിഷ്കർഷിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിനുള്ള പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ഹോട്ടലുകളുടെ അടിസ്ഥാന സൗകര്യം വികസിപ്പിച്ചു വരുന്നു. നവീകരണത്തിനു ശേഷം മാസ്കറ്റ് ഹോട്ടലിനു മാത്രമാണ് സ്റ്റാർ ക്ലാസിഫിക്കേഷൻ ഉള്ളത്. ഇതിന്റെ ക്ലാസിഫിക്കേഷൻ ഫൈവ് സ്റ്റാറാണ്. |
| (ഡി) | സ്വദേശികളും വിദേശികളുമായ ടൂറിസ്റ്റുകൾക്കായി കെ.റ്റി.ഡി.സി. നടത്തിവരുന്ന വിവിധ ടൂറിസം പാക്കേജുകൾ കൂടുതൽ ഫലപ്രദമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | കെ.ടി.ഡി.സി. യുടെ വെബ്.സൈറ്റ് വഴി നേരിട്ടാണ് വിപണനം നടത്തുന്നത്. സാമൂഹ്യ മാധ്യമങ്ങൾ വഴി കെ.ടി.ഡി.സി. യുടെ വെബ്.സൈറ്റും പാക്കേജുകളും പ്രചരിപ്പിക്കുന്നുണ്ട്. കൂടാതെ ട്രാവൽ ഏജന്റുമാർക്ക് കമ്മീഷൻ കൊടുത്തുകൊണ്ട് ഈ പാക്കേജുകൾ വിനോദസഞ്ചാരികൾക്ക് വിൽക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

ഉൽപ്പന്ന പ്രമോഷനു വേണ്ടി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു

1. കേരളത്തിലെ വിനോദസഞ്ചാരികളിൽ ഏറ്റവും കൂടുതലുള്ളത് കേരളത്തിനു പുറത്തുള്ളവരും കേരളത്തിൽ താമസിക്കുന്നവരുമായ കേരളീയർ തന്നെയാണ്. അതിനാൽ ഏറ്റവും കൂടുതൽ കേരളീയർ ഉപയോഗിക്കുന്ന മലയാള മാധ്യമങ്ങളായ മലയാള മനോരമ, മാതൃഭൂമി എന്നിവയുടെ ഓൺലൈൻ എഡിഷനുകളിൽ കെ.ടി.ഡി.സി. ഹോട്ടലുകളെ ഡെസ്റ്റിനേഷനുമായി ബന്ധപ്പെടുത്തി ലേഖനങ്ങൾ/വിവരണങ്ങൾ/ചിത്രങ്ങൾ/ വീഡിയോകൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രചരണങ്ങൾ നൽകിവരുന്നുണ്ട്. ഇതുമൂലം ലോകമാകമാനമുള്ള മലയാളികളുടെയിടയിൽ കെ.ടി.ഡി.സി. ഹോട്ടലുകളെക്കുറിച്ചും/ ഡെസ്റ്റിനേഷനുകളെക്കുറിച്ചും വിവരണങ്ങളെത്തിക്കുന്നതിനും പ്രചരണം വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇതുവഴി പുറംനാട്ടിൽ താമസിക്കുന്ന മലയാളികളെ വിവിധ ഡെസ്റ്റിനേഷനുകളുടേയും കെ.ടി.ഡി.സി. ഹോട്ടലുകളുടേയും പ്രചാരകരാക്കി മാറ്റാൻ കഴിയുന്നുണ്ട്.

2. പ്രമുഖ ഇന്ത്യൻ ഓൺലൈൻ ട്രാവൽ ഏജൻസികളായ മേക്ക് മൈ ട്രിപ്പ്, ഗോ ഐബിബോ, ട്രാവൽ ഗുരു, യാത്ര തുടങ്ങിയവയിലും പ്രമുഖ വിദേശ ഓൺലൈൻ ട്രാവൽ ഏജൻസികളായ ബുക്കിംഗ്.കോം, അഗോഡ, എക്സ്പീഡിയ എന്നിവയിലൂടെയെല്ലാം പ്രചരണവും വിൽപ്പനയും നടക്കുന്നുണ്ട്. അതുമൂലം ആഗോളതലത്തിൽ പ്രചാരണം ലഭിക്കുന്നുണ്ട്.

3. ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള പരമ്പരാഗതമായ ട്രാവൽ ഏജൻസികളുമായി നിരന്തരം ബിസിനസ്സ് ബന്ധം സ്ഥാപിച്ചിട്ടുണ്ട്. അതുവഴി കെ.ടി.ഡി.സി. ഹോട്ടലുകൾക്കും ഡെസ്റ്റിനേഷനുകൾക്കും പ്രചാരണം കിട്ടുന്നുണ്ട്.

4. രാജ്യത്തിനകത്തും പുറത്തും നടക്കുന്ന പ്രമുഖ ടൂറിസം മേളകളിൽ കെ.ടി.ഡി.സി. പങ്കെടുക്കാറുണ്ട്. ഇതുവഴി മികച്ച ടൂർ ഓപ്പറേറ്റർമാർ/ട്രാവൽ ഏജൻസികൾ തുടങ്ങിയവരുമായി നേരിട്ട് സമ്പർക്കം സ്ഥാപിക്കുന്നതിനും പ്രചാരണം നടത്താനും കഴിഞ്ഞിട്ടുണ്ട്.

5. കെ.ടി.ഡി.സി. യുടെ വെബ്സൈറ്റ് വഴി പ്രചാരണം ലഭിക്കുന്നുണ്ട്.

6. ഓരോ വർഷത്തിലും ഇറക്കുന്ന ബ്രോഷറുകൾ വിവിധ ടൂറിസം മേളകൾ/കെ.ടി.ഡി.സി. ഹോട്ടലുകൾ തുടങ്ങിയവയിലൂടെ ഉപഭോക്താക്കൾക്കും പ്രചരിപ്പിക്കാൻ സാധ്യതയുള്ളവർക്കും നൽകി പ്രചാരണം നടത്തുന്നുണ്ട്.

7. മറ്റ് മാർഗ്ഗങ്ങളായ പ്രമോഷൻ, കെ.ടി.ഡി.സി. സംഘടിപ്പിക്കുന്ന വിവിധ പരിപാടികൾക്കു വേണ്ടി ചെയ്യുന്ന വാട്ട്സ്ആപ്പ് പ്രൊമോഷൻ തുടങ്ങിയവ കെ.ടി.ഡി.സി. ബ്രാന്റിനേയും പ്രോപ്പർട്ടികളേയും പ്രചരിപ്പിക്കുന്നുണ്ട്.

8. വിവിധ മാധ്യമങ്ങൾ (റേഡിയോ, പ്രിന്റ്) പരസ്യം നൽകി പ്രചരണം നടത്തുന്നുണ്ട്.

9. ബിസിനസ്സ് ലഭിക്കാൻ സാധ്യതയുള്ള സ്ഥാപനങ്ങളിൽ മാർക്കറ്റിംഗ് എക്സിക്യൂട്ടീവുകൾ നേരിട്ടു പോയി പ്രചരിപ്പിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**